"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലാവ് പദ്ധതി - നിലവിലെ പാക്കേജ് ഘടന പരിഷ്കരിച്ചും പുതുതായി LED ലൈറ്റുകൾ സ്ഥാപിക്കുവാൻ അനുമതി നൽകിയും - ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്**

സ.ഉ.(കൈ) നം.169/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/08/2021

പരാമർശം:-

1. 25.12.2020-ലെ സ.ഉ(കൈ)നം.202/2020/തസ്വഭവ നം സർക്കാർ ഉത്തരവ്
2. 17.06.2021 – ലെ സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ CP/Plg2/NILAAVU/LED StreetLights/2021-22/55- നം കത്ത്

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ഏകദേശം 10.5 ലക്ഷം പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരം LED ബൾബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് 289.82/-കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നിലാവ് (NILAAVU). പരാമർ ശം 1-ലെ ഉത്തരവ് മുഖാന്തിരം ഭരണാനുമതി നൽകിയ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം തിരഞ്ഞെടുക്കുന്നതിനായി വിവിധ വാട്ടേജുകളിലുള്ള (18W/35W/70W/110W) 500 LEDബൾബുകളുടെ 5 തരം പാക്കേജുകളാണ് നിലവിലുള്ളത്. സ്വീകരിക്കുന്ന പാക്കേജിന്റെയും എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് 7 വാർഷിക തവണകളായി കുറവ് ചെയ്ത് കിഫ്ബിയിലേക്ക് തിരിച്ചടവ് നടത്തുന്നതാണ്. (ഇത് വൈദ്യുതി ചാർജ് ഇനത്തിലെ സേവിംഗ്സിന്റെ 75% ശതമാനമാണെന്ന് കണക്കാക്കിയിരിക്കുന്നു) .

പല പഞ്ചായത്തുകളിലും 500 LED ബൾബുകൾ സ്ഥാപിക്കുന്നതിന് മതിയായ പോസ്റ്റുകൾ ലഭ്യമല്ല. ചിലയിടങ്ങളിൽ Streetmain ന്റെ അഭാവം മൂലം LED ബൾബുകൾ സ്ഥാപിക്കുന്നതിന് സാധ്യമായ പോസ്റ്റുകളുടെ എണ്ണം കുറവാണ്. ഉയർന്ന എണ്ണം ബൾബുകൾ മാത്രം ഉള്ള പാക്കേജ് ഘടന മൂലം ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അത്ര എണ്ണം LED ബൾബുകൾ സ്ഥാപിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 500-ൽ അധികം (എന്നാൽ 1000-ൽ താഴെയും) എണ്ണം ബൾബുകൾ ആവശ്യമാണ്. ഈ സാഹചര്യത്തിൽ 500 ബൾബുകളുടെ പാക്കേജുകൾക്കൊപ്പം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിലും ആവശ്യാനുസരണം LED ബൾബുകൾ സ്ഥാപിക്കാൻ കഴിയുന്ന വിധത്തിൽ ചെറുപാക്കേജുകൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അംഗീകരിച്ച പദ്ധതിയുടെ വ്യാപ്തിയിലും ചെലവിലും മാറ്റം വരാത്തിടത്തോളം, 100 LED ബൾബുകളുടെ പുതിയ പാക്കേജുകൾ കൂടി ഉൾപ്പെടുത്തുന്നതിന് ആക്ഷേപമില്ലായെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സാധ്യത

പരിശോധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് പരാമർശം 2 പ്രകാരം സമർപ്പിച്ച ശിപാർശയിലെ പാക്കേജ് ഘടന താഴെക്കാണുന്നു.

| Packages | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| LED 18 W | 50 | 45 | 75 | 65 | 60 | 100 | 0 |
| LED 35 W | 40 | 45 | 20 | 30 | 40 | 0 | 100 |
| LED 70 W | 5 | 5 | 0 | 5 | 0 | 0 | 0 |
| LED 110 W | 5 | 5 | 5 | 0 | 0 | 0 | 0 |
| Total No.of LEDs | 100 | 100 | 100 | 100 | 100 | 100 | 100 |
| Project Cost (₹ in Lakh)* | 2.84 | 2.85 | 2.74 | 2.68 | 2.63 | 2.56 | 2.75 |
| Estimated savings in Electricity Consumption per Annum in units (kWh) Assuming 12 hours burning for 365 days) | 16355 | 15983 | 18984 | 19115 | 19509 | 22487 | 15041 |
| Estimated savings in Electricity Bills per Annum ( ₹ in Lakhs) @ ₹ 4.30 | 0.7 | 0.69 | 0.82 | 0.82 | 0.84 | 0.97 | 0.65 |
| Annual Subscription Payment to KIIFB by LSGs(₹ in Lakhs)<br><br>(75% of Savings) | 0.53 | 0.52 | 0.61 | 0.62 | 0.63 | 0.73 | 0.49 |

കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള പരമ്പരാഗത ലൈറ്റുകൾ മാറ്റി LED വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് നിലാവ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. എന്നാൽ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിനും അനുമതി നൽകണമെന്ന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടു.

സർക്കാർ മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ചു. നിലാവ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകളോടൊപ്പം സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച ശിപാർശ പ്രകാരമുള്ള ഘടനയിൽ 100 എണ്ണം LED ബൾബുകൾ വീതമുള്ള പാക്കേജുകൾ കൂടി ഉൾപ്പെടുത്തിയും നിലവിലെ പരമ്പരാഗത ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം നിലാവ് പദ്ധതിയുടെ ഭാഗമായി പുതുതായി LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇ.ഇ.എസ്.എൽ

ഇ.ഇ.എസ്.എൽ, കേരള സ്റ്റേറ്റ് ഹെഡ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ധനകാര്യ വകുപ്പ്

ഊർജ്ജ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്.(കാബിനറ്റ് ഇനം നം-----, തീയതി ------- )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ , പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-08-2021

ഫയൽ നം. ഇ.ഡബ്ല്യൂ.ബി1/101/2020/തസ്വഭവ. ഇനം നം: 175

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - നിലാവ് പദ്ധതിയിലെ LED പാക്കേജ് ഘടന പരിഷ്കരിക്കുന്നതും പുതുതായി ലൈറ്റുകൾ സ്ഥാപിക്കുന്നത് അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ.ഡബ്യൂ.ബി1/101/2020/തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ(ഇ.ഡബ്യൂ.ബി) വകുപ്പ് |
| 3 | വിഷയം | : | നിലാവ് പദ്ധതിയിലെ LED പാക്കേജ് ഘടന പരിഷ്കരിക്കുന്നതും പുതുതായി ലൈറ്റുകൾ സ്ഥാപിക്കുന്നത് അനുവദിക്കുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 09.07.2021 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii). ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>-- |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രീത. കെ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സൗരഭ് ജയിൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.08.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.08.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിലാവ് പദ്ധതിയിലെ നിലവിലെ പാക്കേജ് ഘടന പരിഷ്കരിക്കുന്നതിനും പുതുതായി LED ലൈറ്റുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതും സംബന്ധിച്ച വിഷയങ്ങളാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. സംസ്ഥാനത്തെ ഏകദേശം **10.5** ലക്ഷം പരമ്പരാഗത തെരുവു വിളക്കുകൾക്കു പകരം LED ബൾബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നിലാവ് (NILAVU). കിഫ്ബി ധനസഹായത്താലാണ് പദ്ധതി നടപ്പിലാക്കുന്നത്. 25.12.2020-ലെ സ.ഉ(കൈ)നം.202/2020/തസ്വഭവ നം ഉത്തരവ് മുഖാന്തിരം ഭരണാനുമതി നൽകിയ പദ്ധതിക്ക് 289.82/-കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർവഹണത്തിന് സംസ്ഥാന വൈദ്യുതി ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരിക്കുന്നു. തെരുവ് വിളക്കുകളിൽ LED ബൾബ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ SLNP (Street Lighting National Program) പദ്ധതിയുടെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) എന്ന സ്ഥാപനത്തെയാണ് നിലാവ് പദ്ധതിയിൽ LED ബൾബ് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയോഗിച്ചിട്ടുള്ളത്**.** തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്ഥാന വൈദ്യുതി ബോർഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായി വരുന്ന LED ബൾബുകളുടെ എണ്ണം കണക്കാക്കിയത്**.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം തിരഞ്ഞെടുക്കുന്നതിനായി വിവിധ വാട്ടേജുകളിലുള്ള (18W/35W/70W/110W) 500 LED ബൾബുകളുടെ 5 തരം പാക്കേജുകളാണ് നല്കിയിരുന്നത്. സ്വീകരിക്കുന്ന പാക്കേജിന്റെയും എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് 7 വാർഷിക തവണകളായി കുറവ് ചെയ്ത് കിഫ്ബിയിലേക്ക് തിരിച്ചടവ് നടത്തുന്നതാണ് (ഇത് വൈദ്യുതി ചാർജ് ഇനത്തിലെ സേവിഗ്സിന്റെ 75% ശതമാനമാണെന്ന് കണക്കാക്കിയിരിക്കുന്നു) .

3. 603 ഗ്രാമപഞ്ചായത്തുകളും 59 നഗരസഭകളും പദ്ധതിയിൽ പങ്ക് ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ ആകെ 902 പാക്കേജുകളും നഗരസഭകൾ ആകെ 180 പാക്കേജുകളും ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ആകെ 1082 പാക്കേജുകൾക്കുള്ള (5.41 ലക്ഷം LED ബൾബുകൾക്കുള്ള) ഡിമാന്റ് ആണ് വന്നിട്ടുള്ളത്. അവശേഷിക്കുന്ന LED വിളക്കുകൾ സ്ഥാപിക്കേണ്ട പോസ്റ്റുകൾ, സ്ട്രീറ്റ് മെയിൻസ് ഇവ കണ്ടെത്തുന്നതിനുള്ള സംയുക്തസർവേ നടപടികളും പുരോഗമിച്ചു വരികയാണ്. നാളിതു വരെ 561

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംയുക്തസർവേ പൂർത്തീകരിച്ചിട്ടുണ്ട്.

4. ആദ്യ ഘട്ടമായി 18, 35 വാട്ടേജുകളിലുള്ള 2 ലക്ഷം LED ബൾബുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുവാൻ Purchase Order നൽകുകയും അതിൻപ്രകാരം EESL 2 ലക്ഷം LED ബൾബുകളും വ്യവസ്ഥ ചെയ്തിട്ടുള്ള 5% buffer stock ഉം വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അവ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി സ്ഥാപിച്ചു വരികയാണ്.

5. നിലാവ് പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് താഴെ പരാമർശിക്കുന്ന വിഷയങ്ങളിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനങ്ങൾ ആവശ്യമായി വന്നിരിക്കുന്നു.

## (i) <u>പരിമിത എണ്ണം ബൾബുകളുടെ പാക്കേജുകൾക്ക് രൂപം നൽകണം</u>

നിലാവ് പദ്ധതിയിൽ വിവിധ വാട്ടേജിലുള്ള 500 ബൾബുകളുടെ 5 പാക്കേജുകളാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പല പഞ്ചായത്തുകളിലും 500 LED ബൾബുകൾ സ്ഥാപിക്കുന്നതിന് മതിയായ പോസ്റ്റുകൾ ലഭ്യമല്ല. ചിലയിടങ്ങളിൽ Streetmain ന്റെ അഭാവം മൂലം LED ബൾബുകൾ സ്ഥാപിക്കുന്നതിന് സാധ്യമായ പോസ്റ്റുകളുടെ എണ്ണം കുറവാണ്. ഉയർന്ന എണ്ണം ബൾബുകൾ മാത്രം ഉള്ള പാക്കേജ് ഘടന മൂലം ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അത്ര എണ്ണം LED ബൾബുകൾ സ്ഥാപിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 500-ൽ അധികം (എന്നാൽ 1000-ൽ താഴെയും) എണ്ണം ബൾബുകൾ ആവശ്യമാണ്. മേൽ സാഹചര്യത്തിൽ 500 ബൾബുകളുടെ പാക്കേജുകൾക്കൊപ്പം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിലും ആവശ്യാനുസരണം LED ബൾബുകൾ സ്ഥാപിക്കാൻ കഴിയുന്ന വിധത്തിൽ ചെറുപാക്കേജുകൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

100 LED ബൾബുകളുടെ പാക്കേജുകൾ ഉൾപ്പെടുത്തുന്നതുമൂലം 500 ൽ താഴെയും 1000-ൽ താഴെയും എണ്ണം ബൾബുകൾ ആവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലാവ് പദ്ധതിയിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നതും ഇത് പദ്ധതിയുടെ നിർവ്വഹണ വ്യാപ്തി വർദ്ധിപ്പിക്കുന്നതുമാണ്. ഇതിലൂടെ പദ്ധതിയിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏകദേശം 100% സ്ഥാപനങ്ങളിലും പദ്ധതി എത്തിക്കുവാൻ സാധ്യമാകും.

ഇതു സംബന്ധിച്ച സാധ്യത പരിശോധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച ശിപാർശ താഴെകണ്ടാലും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജിൽ ഉണ്ടാകുന്ന സേവിംഗ്സിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിരിക്കുന്ന വാർഷിക തിരിച്ചടവ് തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതമാണ് പാക്കേജ്

ഘടനയുടെ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

**Packages of 100 Nos proposed**

| **Packages** | **1** | **2** | **3** | **4** | **5** | **6** | **7** |
|---|---|---|---|---|---|---|---|
| LED 18 W | 50 | 45 | 75 | 65 | 60 | 100 | 0 |
| LED 35 W | 40 | 45 | 20 | 30 | 40 | 0 | 100 |
| LED 70 W | 5 | 5 | 0 | 5 | 0 | 0 | 0 |
| LED 110 W | 5 | 5 | 5 | 0 | 0 | 0 | 0 |
| Total No.of LEDs | 100 | 100 | 100 | 100 | 100 | 100 | 100 |
| Project Cost (₹ in Lakh)* | 2.84 | 2.85 | 2.74 | 2.68 | 2.63 | 2.56 | 2.75 |
| Estimated savings in Electricity Consumption per Annum in units (kWh) Assuming 12 hours burning for 365 days) | 16355 | 15983 | 18984 | 19115 | 19509 | 22487 | 15041 |
| Estimated savings in Electricity Bills per Annum ( ₹ in Lakhs) @ ₹ 4.30 | 0.7 | 0.69 | 0.82 | 0.82 | 0.84 | 0.97 | 0.65 |
| Annual Subscription Payment to KIIFB by LSGs(₹ in Lakhs) (75% of Savings) | 0.53 | 0.52 | 0.61 | 0.62 | 0.63 | 0.73 | 0.49 |

*The project cost is based on the same data set used for packages of 500 offered in the GO dated 25.12.2020

## (ii)പുതിയതായി ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകണം

കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള പരമ്പരാഗത ലൈറ്റുകൾ മാറ്റി LED വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് നിലാവ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. എന്നാൽ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. നിലാവ് പദ്ധതിയുടെ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്കനുസൃതമായി തന്നെ പുതുതായും ലൈറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

6) അംഗീകരിച്ച പദ്ധതിയുടെ വ്യാപ്തിയിലും ചെലവിലും മാറ്റം വരാത്തിടത്തോളം, 100 LED ബൾബുകളുടെ പുതിയ പാക്കേജുകൾ കൂടി ഉൾപ്പെടുത്തുന്നതിന് ആക്ഷേപമില്ലായെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.

7) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>

1. നിലാവ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകളോടൊപ്പം സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച ശിപാർശ പ്രകാരമുള്ള ഘടനയിൽ 100 എണ്ണം LED ബൾബുകൾ വീതമുള്ള പാക്കേജുകൾ കൂടി ഉൾപ്പെടുത്താമോ?

2. നിലവിലെ പരമ്പരാഗത ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം നിലാവ് പദ്ധതിയുടെ ഭാഗമായി പുതുതായി LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണോ?